**Examination Urgent**

നം.എ2/7795/2018/സി.ജി.ഇ.

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം, തീയതി: 11/05/2018.

## സർക്കുലർ

വിഷയം:- പൊ.വി. - പരീക്ഷാഭവൻ- ഡി.എഡ് പരീക്ഷ ഏപ്രിൽ 2018 - സ്കീം ഫൈനലൈസേഷൻ ക്യാമ്പ് - സംബന്ധിച്ച്.

സൂചന:- 19/02//2018 തീയതിയിലെ എച്ച്(2)/4820/2018/സി.ജി.ഇ നമ്പർ വിജ്ഞാപനങ്ങൾ.

.........

മേൽ സൂചന വിജ്ഞാപനങ്ങൾ അനുസരിച്ച് നടന്ന രണ്ടും, നാലും സെമസ്റ്റർ ഡി.എഡ് പരീക്ഷകളുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയത്തിന് മുന്നോടിയായിട്ടുള്ള സ്കീം ഫൈനലൈസേഷൻ ക്യാമ്പ് 15/05/2018 തീയതിയിൽ രാവിലെ 10.30-ന് കൊല്ലം ഗവൺമെന്റ് ഐ.റ്റി.ഇ.യിൽ വച്ച് നടത്തുന്നതാണ്. പ്രസ്തുത ക്യാമ്പിൽ പങ്കെടുക്കേണ്ട ചീഫ് എക്സാമിനർമാരുടെ നിയമന ഉത്തരവ് 14/05/2018 തീയതിക്കു മുമ്പായി അതാത് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ ഇ-മെയിൽ ആയി ലഭിക്കുന്നതാണ്.

ടി നിയമന ഉത്തരവു ലഭിക്കുന്നവരെ സ്ഥാപന മേധാവികൾ നിർബന്ധമായും ക്യാമ്പിൽ പങ്കെടുക്കുവാൻ നിയമന ഉത്തരവ് നൽകി വിടുതൽ ചെയ്യേണ്ടതാണ്. വിടുതൽ ചെയ്യുവാൻ വീഴ്ച വരുത്തുന്ന സ്ഥാപന മേധാവികൾക്കെതിരെ കർശന നടപടികൾക്ക് ശുപാർശ ചെയ്യുന്നതായിരിക്കും. എല്ലാ ക്യാമ്പ് ആഫീസർമാരും നിർബന്ധമായും സ്കീം ഫൈനലൈസേഷൻ ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്.

സെക്രട്ടറി

**To**

1. എല്ലാ ഡയറ്റ് പ്രിൻസിപ്പാൾമാർക്കും (ഡയറ്റ് പ്രിൻസിപ്പാൾമാർ അവരവരുടെ പരിധിയിലുള്ള എല്ലാ ടി.ടി.ഐ പ്രിൻസിപ്പാൾമാർക്കും സർക്കുലറിന്റെ കോപ്പി എൻഡോഴ്സ് ചെയ്യണമെന്ന് നിർദ്ദേശം നൽകുന്നു).
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
3. എല്ലാ ക്യാമ്പ് ആഫീസർമാർക്കും.

M-70